# കേരള സർവകലാശാല

## ഒന്നാം വർഷ ബി.എഡ് പ്രവേശനം 2026-2027

## ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- പ്രോസ്പെക്ടസ് വിശദമായി വായിച്ചതിനു ശേഷം മാത്രം ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിക്കുക.

- ഓൺലൈൻ അപേക്ഷാ ഫോറത്തിലെ എല്ലാ വിവരങ്ങളും ശ്രദ്ധായോടെയും കൃത്യതയോടെയും പൂരിപ്പിക്കുക.

- രജിസ്ട്രേഷൻ നടപടികളിലെ ആദ്യ ഘട്ടം അപേക്ഷാ നമ്പറും പാസ്സ് വേഡും ജനറേറ്റ് ചെയ്യുക എന്നുള്ളതാണ്. ഇതിനായി https://admissions.keralauniversity.ac.in/ സൈറ്റിലെ B.Ed പേജ് എടുത്ത ശേഷം "New Registration"എന്നുള്ള ലിങ്ക് ക്ലിക്ക് ചെയ്യുക. ഇവിടെ അപേക്ഷാർത്ഥിയുടെ പേര്, ജനന തീയതി, ജൻഡർ, ഇ-മെയിൽ ഐ.ഡി, മൊബൈൽ നമ്പർ, നാഷണാലിറ്റി എന്നീ വിവരങ്ങൾ (പേര്, ജനന തീയതി എന്നിവ എസ്.എസ്.എൽ.സി. സർട്ടിഫിക്കേറ്റിലേത് പോലെ) നൽകുക. ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്ന സമയത്ത് വിദ്യാർത്ഥിയുടെയോ/രക്ഷകർത്താവിന്റെയോ മൊബൈൽ നമ്പർ തന്നെ നൽകുവാൻ പ്രത്യേകം ശ്രദ്ധിക്കണം. വിദ്യാർത്ഥി സമർപ്പിച്ച മൊബൈലിൽ വരുന്ന "OTP" നമ്പർ നൽകിയാൽ മാത്രമേ അപേക്ഷാ നമ്പർ, പാസ്‌വേഡ് എന്നിവ ലഭിക്കൂ. ജനന തീയതി (dd/mm/yyyy ഫോർമാറ്റിൽ) ആയിരിക്കും ഡിഫോൾട്ട് പാസ്സ്‌വേഡ് ആയി ലഭിക്കുന്നത്, ആയത് പ്രിൻറ് എടുത്ത് സൂക്ഷിക്കുക.

- അപേക്ഷാ നമ്പറും പാസ്സ്‌വേഡും ജനറേറ്റ് ചെയ്തു കഴിഞ്ഞാൽ ഓൺലൈൻ അപേക്ഷാ ഫോറം പൂരിപ്പിക്കുന്നതിലേക്കായി പ്രൊഫൈലിൽ ലോഗിൻ ചെയ്യുക. 7 ഘട്ടങ്ങളായാണ് അപേക്ഷാ ഫോറം പൂരിപ്പിക്കേണ്ടത് (പ്രോസ്പെക്ടസ് ഖണ്ഡിക 10.3 കാണുക).

1. **വിദ്യാർത്ഥിയുടെ പ്രൊഫൈൽ രജിസ്ട്രേഷൻ.**

   ➢ കേരളീയൻ അല്ലാത്തവർ സംവരണ ആനുകൂല്യങ്ങൾക്ക് അർഹരല്ല. ആയതിനാൽ കേരളീയനാണോ അല്ലയോ എന്ന വിവരം ( Are you Keralite ? ) എന്ന ഭാഗത്ത് ( Yes/No ) എന്ന് കൃത്യമായി നൽകുക (പ്രോസ്പെക്ടസ് ഖണ്ഡിക 5 കാണുക).

- ഓൺലൈൻ അപേക്ഷയിൽ നൽകുന്ന **മൊബൈൽ നമ്പർ പ്രവേശന നടപടികൾ പൂർത്തിയാകുന്നത് വരെ മാറ്റരുത്.** പ്രവേശനത്തെ സംബന്ധിച്ച മെസ്സേജുകൾ ഈ നമ്പറിലേക്കാണ് അയക്കുന്നത്, കൂടാതെ പ്രൊഫൈലിൽ വേണ്ട മാറ്റങ്ങൾ വരുത്തുന്നതിലേക്കായും മൊബൈൽ നമ്പർ ആവശ്യമാണ്. ആയതിനാൽ ഇ.മെയിൽ ഐ.ഡി, മൊബൈൽ നമ്പർ എന്നിവ വിദ്യാർത്ഥിയുടെയോ രക്ഷകർത്താവിന്റെയോ മാത്രം നൽകാൻ ശ്രദ്ധിക്കുക.

- SEBC സംവരണത്തിന് **നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്** ആവശ്യമാണ് . നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് യഥാസമയം ഹാജരാക്കാത്തപക്ഷം ടി സംവരണാനുകൂല്യം ലഭിക്കുന്നതല്ല. ആയതിനാൽ ക്രീമിലെയർ സ്റ്റാറ്റസ് ശ്രദ്ധയോടെ നൽകേണ്ടതും പ്രസ്തുത സംവരണം ക്ലെയിം ചെയ്യുന്ന പക്ഷം നോൺക്രീമിലെയർ സർട്ടിഫിക്കറ്റ് കൈവശം കരുതേണ്ടതുമാണ് (പ്രോസ്പെക്ടസ് അനുബന്ധം II കാണുക).

- SC./ST./O.E.C മുതലായ സംവരണങ്ങൾക്കും, ഫീസ് ആനുകൂല്യങ്ങൾക്കും അർഹരായവർ അത് തെളിയിക്കാൻ ആവശ്യമായ സർട്ടിഫിക്കറ്റുകൾ അപേക്ഷിക്കുന്ന സമയം തന്നെ കൈയിൽകരുതേണ്ടതാണ് (ഹാജരാക്കേണ്ട സർട്ടിഫിക്കറ്റുകളുടെ വിവരങ്ങൾക്കായി പ്രോസ്പെക്ടസ് ഖണ്ഡിക 4.1.2,3,4&5 കാണുക)

- EWS: (എക്കണോമിക്കലി വീക്കർ സെക്ഷൻ): മറ്റ് സംവരണാനുകൂല്യങ്ങൾ ലഭിക്കാത്ത സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള സംവരണം ആണ്. വില്ലേജ് ഓഫീസർ നൽകുന്ന സാക്ഷ്യപത്രമാണ് ഈ സംവരണം ലഭിക്കാൻ ആവശ്യമായ രേഖ. ബി.പി.എൽ സർട്ടിഫിക്കറ്റ്, റേഷൻ കാർഡ് എന്നിവ ഇതിനായി പരിഗണിക്കുന്നതല്ല (പ്രോസ്പെക്ടസ് ഖണ്ഡിക 4.1.6, അനുബന്ധം V.B കാണുക).

- Differenty Abled – ഭിന്നശേഷി ഉള്ളവർക്കായുള്ള സീറ്റിന് അപേക്ഷിക്കുന്നവർ മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് (കാലാവധി 5 വർഷം) / സർക്കാർ സാമൂഹ്യ ക്ഷേമ വകുപ്പിന്റെ രേഖ എന്നിവ കൈവശം സൂക്ഷിക്കണം (പ്രോസ്പെക്ടസ് ഖണ്ഡിക 4.3 കാണുക). പെർമെനൻറ് ഡിസേബിൾഡ് ആയിട്ടുള്ള വിദ്യാർഥികൾക്ക് അഞ്ചുവർഷ കാലയളവ് ബാധകമല്ല.

- NSS, NCC മുതലായ വെയിറ്റേജ് മാർക്കുകൾക്ക് അർഹരായവർ ബന്ധപ്പെട്ട കോളങ്ങൾ ശ്രദ്ധയോടെ പൂരിപ്പിക്കുക (വെയിറ്റേജ് സംബന്ധമായ വിവരങ്ങൾക്ക് പ്രോസ്പെക്ടസ് ഖണ്ഡിക 9.b കാണുക).

- KUCTE കളിൽ മാനേജ്മെൻറ് ക്വാട്ടയിലെ സീറ്റുകൾക്കായി അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ അപേക്ഷ ഫീസിനത്തിൽ 2500 രൂപ ഒടുക്കി പ്രത്യേകം online രജിസ്റ്റർ ചെയ്യേണ്ടതാണ്.

> - Candidates should be physically fit and mentally sound.
> - Deaf/dumb candidates are not eligible for admission to the B.Ed. courses.

2. **അക്കാഡമിക് പ്രൊഫൈൽ രജിസ്ട്രേഷൻ.**

- ഡിഗ്രി /പി ജി / തത്തുല്യം പാസ്സായ വർഷം, യൂണിവേഴ്സിറ്റി/ ബോർഡ്, സ്ട്രീം, രജിസ്റ്റർ നമ്പർ, എത്രാമത് തവണയാണ് പാസായത് എന്നിവ കൃത്യതയോടെ നൽകേണ്ടതാണ്.

- ഒന്നിൽ കൂടുതൽ ചാൻസുകൾ ഉപയോഗിച്ച് ഡിഗ്രി/ യോഗ്യത പരീക്ഷ പാസായവർ Number of Appearances എന്ന കോളത്തിൽ കൃത്യമായ വിവരം (എത്രാമത് തവണയാണ് പാസായത് എന്ന്) നൽകേണ്ടതാണ്. യോഗ്യതാ പരീക്ഷ പാസ്സാവാൻ എടുക്കുന്ന ഓരോ അധിക ചാൻസിനും ആനുപാതികമായി ഇൻഡക്സ് മാർക്കിൽ കുറവു വരുന്നതാണ്. അതിനാൽ ഈ വിവരം ശ്രദ്ധയോടെ കൃത്യമായി നൽകേണ്ടതാണ് (പ്രോസ്പെക്ടസ് ഖണ്ഡിക 9.c കാണുക).
- 2023-2026 അധ്യയന വർഷത്തിൽ കേരള സർവകലാശാലയിൽ നിന്നും ബിരുദ പരീക്ഷ പാസ്സായവർ രജിസ്റ്റർ നമ്പറും വർഷവും നൽകുമ്പോൾ തന്നെ ബിരുദ പരീക്ഷക്ക് ലഭിച്ച മാർക്കുകൾ തനിയെ രേഖപ്പെടുന്നതാണ്. മറ്റ് വിദ്യാർത്ഥികൾ തങ്ങൾക്ക് ലഭിച്ച മാർക്ക് അതാത് കോളങ്ങളിൽ ശ്രദ്ധാപൂർവം രേഖപ്പെടുത്തേണ്ടതാണ്.


- മറ്റ് സർവകലാശാലകളിൽ നിന്നും ബിരുദ / ബിരുദാനന്തര ബിരുദ പരീക്ഷകൾ പാസ്സായ വിദ്യാർഥികൾ പ്രസ്തുത കോഴ്സുകൾ ബി.എഡ് പഠനത്തിനുള്ള യോഗ്യതയായി കേരളസർവകലാശാല അംഗീകരിച്ചിട്ടുണ്ട് എന്ന് തെളിയിക്കുന്ന തുല്യതാ സർട്ടിഫിക്കറ്റ് (എലിജിബിലിറ്റി സർട്ടിഫിക്കറ്റ്) കോളേജിൽ ഹാജരാക്കണം. ഇത് മുൻകൂട്ടി കരുതിവയ്ക്കേണ്ടതാണ്.

3. **ഓപ്ഷനുകൾ നൽകുക.**
   - ആദ്യ ഘട്ടത്തിൽ **പരമാവധി 20 ഓപ്ഷനുകൾ** വരെ നൽകാവുന്നതാണ്. നൽകുന്ന ഓപ്ഷനുകളിൽ ഏതെങ്കിലും ഒരു കോളേജിൽ അലോട്ട്മെൻറ് ലഭിച്ചു കഴിഞ്ഞാൽ ടി ഓപ്ഷനു ശേഷമുള്ള ഒരു ഓപ്ഷനും പിന്നീടുള്ള അലോട്ട്മെൻറ്കളിലേക്ക് പരിഗണിക്കുന്നതല്ല. ആയതിനാൽ ഓപ്ഷനുകൾ വളരെ


ശ്രദ്ധാപൂർവം നൽകേണ്ടതാണ്. ഓപ്ഷനുകൾ മുൻകൂട്ടി ധാരണയുണ്ടാക്കി ലിസ്റ്റ് ചെയ്തു വച്ച് വിദ്യാർത്ഥികൾക്ക് താല്പര്യമുള്ള കോളേജുകളും കോഴ്സുകളും മാത്രം മുൻഗണനാക്രമത്തിൽ നൽകുക.

4. **പ്രൊഫൈലിൽ വിദ്യാർഥിയുടെ അക്കാഡമിക് വിവരങ്ങൾ നൽകുന്നത് സംബന്ധിച്ച്**

   a. കേരള സർവകലാശാലയിൽ നിന്നും സെമസ്റ്റർ സമ്പ്രദായത്തിൽ ബിരുദം പൂർത്തിയാക്കിയ വിദ്യാർത്ഥികൾ മാർക്ക് രേഖപ്പെടുത്തേണ്ട വിധം




   b. മറ്റു സർവകലാശാലകൾ / കേരള സർവകലാശാലയിൽ (Annual Scheme) ബിരുദം കഴിഞ്ഞ വിദ്യാർത്ഥികൾ മാർക്ക് രേഖപ്പെടുത്തേണ്ട വിധം.




5. **രജിസ്ട്രേഷൻ ഫീ അടക്കുക**

- രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി അടയ്ക്കേണ്ടതാണ് (ഫീസ് വിവരങ്ങൾ പ്രോസ്പെക്ടസ് ഖണ്ഡിക 10.3 ൽ നൽകിയിട്ടുണ്ട്). ഇതിനായി ഇന്റർനെറ്റ് ബാങ്കിങ്, ഗൂഗിൾ പേ, ഡെബിറ്റ് കാർഡുകൾ തുടങ്ങിയവ ഉപയോഗിക്കാവുന്നതാണ്. ഫീസ് അടക്കുമ്പോൾ ട്രാൻസാക്ഷൻ എറർ എന്തെങ്കിലും ഉണ്ടായി അക്കൗണ്ടിൽ നിന്ന് തുക പോയിട്ടും വീണ്ടും ഫീസ് അടയ്ക്കാനുള്ള നിർദ്ദേശം ലഭിക്കുകയാണെങ്കിൽ സർവകലാശാല അഡ്മിഷൻ വിഭാഗവുമായി ഫോൺ/ഇമെയിൽ/whatsapp മുഖാന്തിരം ബന്ധപ്പെട്ട് മറുപടി ലഭിച്ചതിനു ശേഷം മാത്രം വീണ്ടും ഓൺലൈൻ പേയ്മെന്റിനു ശ്രമിക്കുക. ഒന്നിലധികം പേയ്മെന്റ് നടന്നാൽ തുക റീഫണ്ട് ചെയ്യാൻ കാലതാമസം നേരിടുന്നതാണ്.

6. **ഫോട്ടോ, ഒപ്പ് എന്നിവ അപ്‌ലോഡ് ചെയ്യുക.**

- ഫോട്ടോ, ഒപ്പ് എന്നിവ അപ്‌ലോഡ് ചെയ്യുമ്പോൾ നിശ്ചിത ഫോർമാറ്റിലും വലിപ്പത്തിലും മാത്രം ചെയ്യാൻ ശ്രദ്ധിക്കുക.
- Photo with 150px X 200px (Width X Height), maximum 40kb, jpg format only
- Signature with 150px X 60px (Width X Height), maximum 40kb, jpg format only

7. **ആപ്ലിക്കേഷൻ വെരിഫൈ ചെയ്യുക.**

- നൽകിയ വിവരങ്ങൾ എല്ലാം തന്നെ ശ്രദ്ധായോടു കൂടി വായിക്കുക. രജിസ്ട്രേഷൻ പൂർത്തിയാക്കുന്നതിന് മുൻപായി ആവശ്യമെങ്കിൽ അപേക്ഷയിൽ വേണ്ട തിരുത്തലുകൾ വരുത്താവുന്നതാണ്.

8. **പ്രിന്റൗട്ട് എടുക്കുക.**

- രജിസ്ട്രേഷൻ പൂർത്തിയായാൽ അപേക്ഷയുടെ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്.

9. **പ്രൊഫൈൽ പാസ്സ്‌വേഡ് മാറ്റുക.**

- രജിസ്ട്രേഷൻ കാലയളവ് പൂർത്തിയാവുന്നതിനുള്ളിൽ അപേക്ഷാർത്ഥിയുടെ അറിവോ സമ്മതമോ കൂടാതെ മറ്റാരെങ്കിലും പ്രൊഫൈലിലെ വിവരങ്ങളിൽ മാറ്റം വരുത്താതിരിക്കാൻ രജിസ്ട്രേഷൻ പൂർത്തിയാക്കിയാൽ ഉടൻ തന്നെ പ്രൊഫൈൽ ലോഗിൻ ചെയ്ത് പാസ്സ്‌വേഡ് മാറ്റം വരുത്താൻ ശ്രദ്ധിക്കുക (പ്രോസ്പെക്ടസ് ഖണ്ഡിക 10.3 കാണുക). ആയതിന്റെ ദുരുപയോഗം തടയുന്നതിലേക്കായി പാസ്സ്‌വേഡിന്റെ രഹസ്യ സ്വഭാവം നിലനിർത്താൻ ജാഗ്രത പുലർത്തുക.

- അഡ്മിഷൻ നടപടികൾ പൂർത്തിയാകുന്നത് വരെ ആപ്ലിക്കേഷൻ നമ്പറും പാസ്സ്‌വേഡും ആവശ്യമായതിനാൽ ഇവ ഓർത്തിരിക്കേണ്ടതാണ്. അലോട്ട്മെന്റ് പരിശോധിക്കാനും തുടർ നടപടികൾക്കും ഇവ ആവശ്യമാണ്.

**ശ്രദ്ധിക്കേണ്ടവ**

- തിരുത്തലുകൾ എന്തെങ്കിലും ഉണ്ടെങ്കിൽ അപേക്ഷ സമർപ്പിച്ചു കഴിഞ്ഞ് നിശ്ചിത സമയത്തിനകം പ്രൊഫൈലിലെ "Edit Profile" ലിങ്ക് ക്ലിക്ക് ചെയ്ത്, അപേക്ഷകൻ നൽകിയ വിവരങ്ങളിൽ മാറ്റം വരുത്താവുന്നതാണ്. രജിസ്ട്രേഷൻ അവസാനിക്കുന്നതിനു മുൻപായി പ്രൊഫൈലിൽ എന്ത് മാറ്റം വരുത്തിയാലും അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട്

സർവ്വകലാശാലയിലേക്ക് അയക്കേണ്ടതില്ല. ആയത് പ്രവേശന സമയത്ത് കോളേജിൽ ഹാജരാക്കേണ്ടതാണ്.

- വിദ്യാഭ്യാസ യോഗ്യത, സംവരണം, ഗ്രേസ് മാർക്കുകൾ മുതലായവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ അപേക്ഷിക്കുന്ന സമയം തന്നെ കൈയിൽ കരുതേണ്ടതാണ് (ഹാജരാക്കേണ്ട സർട്ടിഫിക്കറ്റുകളുടെ വിശദ വിവരങ്ങൾ പ്രോസ്പെക്ടസിൽ പേജ് നം: 22ൽ നൽകിയിട്ടുണ്ട് ). പ്രവേശനം ലഭിച്ചാൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാൻ കൂടുതൽ സമയം യാതൊരു കാരണവശാലും അനുവദിക്കുന്നതല്ല.

- സ്പോർട്സ് ക്വാട്ട, കമ്മ്യൂണിറ്റി ക്വാട്ട എന്നിവയിൽ അപേക്ഷിക്കുന്നവർ ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തീകരിച്ചിരിക്കണം.

## സ്പോർട്സ് ക്വാട്ട

- വിദ്യാർഥിയുടെ പ്രൊഫൈൽ രജിസ്ട്രേഷൻ സ്റ്റെപ്പിൽ (Step 1) Have you represented any sports competitions എന്ന കോളത്തിൽ Yes നൽകിയ അർഹരായ വിദ്യാർഥികൾക്ക് മാത്രമേ സ്പോർട്സ് ക്വാട്ട രജിസ്ട്രേഷൻ ചെയ്യാൻ സാധിക്കുകയുള്ളു. അതിനുശേഷം സ്പോർട്സ് മേഖലയിലെ നേട്ടം ഏത് തലത്തിലാണ് എന്നും ഏത് ഇനത്തിലാണ് എന്നും നൽകേണ്ടതാണ്. സർവകലാശാല അംഗീകരിച്ച കായിക ഇനങ്ങൾക്ക് മാത്രമേ ഈ ആനുകൂല്യം ലഭ്യമാവുകയുള്ളൂ എന്ന കാര്യം ശ്രദ്ധിക്കുക. ശേഷം സ്പോർട്സ് നേട്ടങ്ങളുടെ സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്യുന്നതിനായി ഒരു വിൻഡോ ലഭ്യമാവും. വെബ്സൈറ്റിലെ നിശ്ചിത കോളത്തിൽ സ്പോർട്സ് നേട്ടം സെലക്ട് ചെയ്ത് അതിന്റെ സർട്ടിഫിക്കറ്റ് സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്യേണ്ടതാണ് (അപ്‌ലോഡ് ചെയ്യുന്ന സർട്ടിഫിക്കറ്റുകളിൽ ഒബ്സർവറുടെ ഒപ്പ് ഉള്ള ഭാഗം ഉണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ് ). അപേക്ഷാർത്ഥിയുടെ ഓരോ നേട്ടങ്ങളുടെയും സർട്ടിഫിക്കറ്റുകളും തുല്യമായ നേട്ടം സെലക്ട്ചെയ്ത് അപ്‌ലോഡ് ചെയ്യാൻ ശ്രദ്ധിക്കുക. സർട്ടിഫിക്കറ്റുകൾ എത്ര എണ്ണം വേണമെങ്കിലും അപ്‌ലോഡ് ചെയ്യാവുന്നതാണ്.സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്തു കഴിഞ്ഞാൽ അടുത്ത ഘട്ടത്തിലേക്ക് പോകാവുന്നതാണ്. (വിശദവിവരങ്ങൾക്കായി പ്രോസ്പെക്ടസ് ഖണ്ഡിക 4.2 കാണുക)

**കമ്മ്യൂണിറ്റി ക്വാട്ട**

എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ടയിലുള്ള സീറ്റുകൾ മെറിറ്റിൻ്റെ അടിസ്ഥാനത്തിലും റവന്യൂ അധികാരികൾ നൽകുന്ന കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിലുമാണ് നികത്തുക. കമ്മ്യൂണിറ്റി ക്വാട്ടയിൽ അപേക്ഷ നല്കാൻ അർഹരായ അപേക്ഷാർത്ഥികൾ ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കിയിരിക്കണം .

**കമ്മ്യൂണിറ്റിക്വാട്ട, സ്പോർട്സ്ക്വാട്ട എന്നിവയുടെ അഡ്മിഷൻ സംബന്ധിച്ച വിശദ വിവരങ്ങൾക്കായി പ്രോസ്പെക്ടസ് ഖണ്ഡിക 3,4 എന്നിവ വായിക്കുക.

- ഓൺലൈൻ അഡ്മിഷനുമായി ബന്ധപ്പെട്ട അതാത് സമയത്തെ മറ്റ് നിർദ്ദേശങ്ങൾ പത്രക്കുറിപ്പായി നൽകുന്നതാണ്.
- ഓൺലൈൻ അഡ്മിഷനുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്ക് 8281883053 (Whatsapp/Call) എന്ന നമ്പറിലോ bedadmission@keralauniversity.ac.in എന്ന ഇ-മെയിൽ ഐഡിയിലോ ബന്ധപ്പെടുക.

**വിശദ വിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റിൽ (https://admissions.keralauniversity.ac.in/bed2026) നൽകിയിട്ടുള്ള പ്രോസ്പെക്ടസ് പരിശോധിക്കുക.**